27 (1068) നികുതിപിരവ് കാര്യക്ഷമമാക്കാൻ സംവിധാനം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതിപിരിവ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി ഗവണ്മെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നികുതിപിരിവ് കാര്യക്ഷമമാക്കുവാനായി എല്ലാമാസവും വകുപ്പുതലത്തിൽ അവലോകനം നടത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മൂന്നുമാസത്തിലൊരിക്കൽ വകുപ്പദ്ധ്യക്ഷൻമാരുടെയും ബന്ധപ്പെട്ട സെക്രട്ടറിമാരുടെയും യോഗം വിളിച്ചുകൂട്ടാറുണ്ട്. പ്രസ്തുത യോഗത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനും ഓരോവകുപ്പിനും നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം നേടുവാനും സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ നികുതി പിരിവുമായി ബന്ധപ്പെട്ട ഓരോവകുപ്പും അതാതിന്റെ കീഴിൽ വരുന്ന പിരിവ് ലക്ഷ്യം നേടുന്നതിനുവേണ്ടി പ്രത്യേകപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. നികുതിദായകരുടെ സൗകര്യത്തിനും രേഖകൾ കൂറ്റമറ്റതാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും വേണ്ടി വാണിജ്യനികുതിവകുപ്പ്, ഗതാഗതവകുപ്പ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും നടപ്പിലാക്കിവരുന്നു.

28 (1069) ഇറച്ചിക്കോഴികൾക്ക് നികുതി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾക്ക് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കോൺട്രാക്സ് ബ്രോയിലർ ഫാമിംഗ് പ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾക്ക് സർക്കാർ നികുതി പിരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്ത്;

(സി) കേരളത്തിൽ കോഴികൃഷി നടത്തുന്ന ഉൽപ്പാദകർക്കും കോൺട്രാക്ട് ബ്രോയിലർ ഫാമിംഗ് നടത്തുന്നവർക്കും നികുതി ഇളവിന് അർഹതയുണ്ടോ; ഇക്കാര്യത്തിൽ ഒ.പി. നമ്പർ-4082/92, ഒ.പി. നം. 17150/99 എന്നിവയിലെ ഹൈക്കോടതിവിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly